പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2209 | 11.06.2018 ൽ മറുപടിയ്ക്ക് |
|---|---|

## മാതൃസഹായ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സണ്ണി ജോസഫ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ)മാതൃസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ: | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മാതൃത്വ വന്ദന യോജന നിലവിൽ ഉണ്ട്. സ്ത്രീകൾക്ക് അവരുടെ ആദ്യ കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കുന്ന കാലയളവിലും പ്രസവാനന്തരവും ഉണ്ടാകുന്ന വേതന നഷ്ടം ഭാഗികമായി നികത്തുക എന്ന ലക്ഷ്യത്തോടെയും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മെച്ചപ്പെട്ട ആരോഗ്യം നേടാൻ ഉപയുക്തമാക്കുന്നതിനുമായി 01.01.2017 മുതൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ മാതൃത്വ സഹായ പദ്ധതിയാണ് (MBP), പ്രധാനമന്ത്രി മാതൃത്വ വന്ദന യോജന. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അവരുടെ ആദ്യ പ്രസവത്തിന് അർഹതയുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം ആധാർ സീഡഡ് അക്കൗണ്ടിലേയ്ക്ക് PFMS വഴി നേരിട്ട് നിക്ഷേപിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈ പദ്ധതിക്കായി 60:40 എന്ന അനുപാതത്തിലാണ് തുക വകയിരുത്തുന്നത്. 2017-18 ൽ കേന്ദ്ര വിഹിതമായി 51,50,58,000/- രൂപ (അൻപത്തിയൊന്ന് കോടി അൻപത് ലക്ഷത്തി അൻപത്തിയെട്ടായിരം) ലഭിച്ചിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായ 3 ഗഡുക്കളായി 5000/- രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എന്ത് ധനസഹായമാണ് നൽകുന്നത് ; ഇതിനായി കേന്ദ്ര സർക്കാർ എന്ത് തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ : | (ബി) ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിനായി 2017-18 ൽ കേന്ദ്ര സർക്കാർ 51,50,58,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

| ഗഡു | നിബന്ധനകൾ | തുക |
|---|---|---|
| 1-ാം ഗഡു | LMP 150 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം (MCP കാർഡിൽ രേഖപ്പെടുത്തലുകൾ അനിവാര്യം) | 1000/- |

| | | |
|---|---|---|
| | 2-ാം ഗഡു ഗർഭാവസ്ഥ 6 മാസം ആയിരിക്കുകയും ഒരു ANC എങ്കിലും കഴിഞ്ഞിരിക്കണം | 2000 |
| | 3-ാം ഗഡു 1. കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തിരിക്കണം<br>2. കുട്ടിക്ക് ഒന്നാം ഘട്ട പ്രതിരോധ കുത്തിവെയ്പ്പ് നൽകിയിരിക്കണം BCG, OPV, DPT, and Hepatitis B (MCP കാർഡിൽ രേഖപ്പെടുത്തലുകൾ അനിവാര്യം) | 2000 |
| | **ആകെ** | 5000/- |

| | |
|---|---|
| (സി)പ്രസ്തുത പദ്ധതിയുടെ കീഴിൽ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത് ആർക്കൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) പ്രധാനമന്ത്രി മാതൃത്വ വന്ദന യോജന പദ്ധതിയുടെ അർഹത മാനദണ്ഡം ചുവടെ ചേർക്കുന്നു.<br><br>➢ മറ്റേതെങ്കിലും പദ്ധതി പ്രകാരം മെറ്റേണിറ്റി ബെനിഫിറ്റ് ലഭിക്കുന്നവർക്കും കേന്ദ്ര/സംസ്ഥാന/പൊതു മേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഗർഭിണികൾ/പാലൂട്ടുന്ന അമ്മമാർ ഒഴികെ എല്ലാ ഗർഭിണികൾ/പാലൂട്ടുന്ന അമ്മമാർക്കും അവരുടെ ആദ്യ പ്രസവത്തിന് ധനസഹായത്തിന് അർഹതയുണ്ട്.<br><br>➢ അങ്കണവാടി വർക്കർ/ഹെൽപ്പർ/ആശാവർക്കർമാർ എന്നിവർക്കും നിബന്ധനകൾക്ക് വിധേയമായി ധനസഹായത്തിന് അർഹതയുണ്ട്.<br><br>➢ ഒന്നാം ഗഡു @ 1000/- രൂപ. ധനസഹായത്തിന് ASHA/ANM ന്റെ അടുത്ത് ഗർഭം രജിസ്റ്റർ ചെയ്തിരിക്കണം. LMP 150 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്താൽ മതി. 01.01.2017 ന് 150 ദിവസം മുൻപ് LMP ഉള്ളവർക്കും അതായത് 28.08.2016 നും അതിനു ശേഷവും LMP ഉള്ളവർക്കും മറ്റ് നിബന്ധനകൾ പാലിച്ചിട്ടുണ്ടെങ്കിൽ ഒന്നാം ഗഡുവിന് അർഹതയുണ്ട്.<br><br>➢ രണ്ടാം ഗഡു @2000/- രൂപ. ഗർഭാവസ്ഥ 6 മാസമായിരിക്കുകയും ഒരു ANC യെങ്കിലും ലഭിച്ച ഗർഭിണിയായ സ്ത്രീ (Antinatal Checkup) |

- മൂന്നാം ഗഡു @2000/- രൂപ. കുഞ്ഞിന്റെ ജനനം രജിസ്റ്റർ ചെയ്തിരിക്കണം (ജനനസർട്ടിഫിക്കറ്റിന്റെ പകർപ്പ്) കുട്ടിക്ക് First round of immunization നൽകിയിരിക്കണം BCG, OPV, DPT, and Hepatitis B MCP കാർഡിൽ രേഖപ്പെടുത്തലുകൾ അനിവാര്യം.
- ആശുപത്രിയിലെ പ്രസവത്തിന് JSY(ജനനി സുരക്ഷ യോജന) പ്രകാരം ലഭിക്കുന്ന 1000/- രൂപയ്ക്കും അർഹതയുണ്ട്.
- പാലക്കാട് ജില്ലയിൽ മാത്രം നടപ്പിലാക്കിവരുന്ന മാതൃത്വ ധനസഹായ പദ്ധതിയായ (IGMSY) ഇന്ദിരാ ഗാന്ധി മാതൃത്വ സഹയോഗ് യോജന യിൽ രണ്ടു തുല്യ ഗഡുക്കളായി 6000/- രൂപയാണ് ധനസഹായം അനുവദിച്ചിരുന്നത്. 31.12.2016 യോടു കൂടി ടി പദ്ധതി നിർത്തലാക്കുകയും ഈ പദ്ധതിയിൽ ഒന്നാം ഗഡുവായി 3000/- രൂപ ലഭിച്ച ഗുണഭോക്താവിന് PMMVY പ്രകാരം മൂന്നാം ഗഡുവിന് മാത്രം നിബന്ധനകൾക്ക് വിധേയമായി അർഹതയുണ്ടായിരിക്കുന്നതുമാണ്. ഈ പദ്ധതി പ്രകാരം 01.01.2017 നോ അതിനു മുൻപോ രജിസ്റ്റർ ചെയ്യുകയും ധനസഹായം ലഭ്യമാകാത്തതുമായ ഗുണഭോക്താക്കൾക്ക് PMMVY ൽ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതുമാണ്.
- ഈ പദ്ധതി പ്രകാരം ഗുണഭോക്താവിന്റെ ആധാർ സീഡിംഗ് ചെയ്യേണ്ടതുണ്ടെങ്കിലും ഒന്നും രണ്ടും ഗഡുക്കൾക്ക് ആൾട്ടർനേറ്റ് ID മതിയാകും 3-ാം ഗഡുവിന് ആധാർ നിർബന്ധമാണ്. (90 ദിവസത്തിനുള്ളിൽ ആധാർ രജിസ്റ്റർ ചെയ്തിരിക്കണം)
- ഗുണഭോക്താവിന് ആദ്യ ഗഡു ലഭിച്ചതിനു ശേഷം Miss carriage സംഭവിച്ചാൽ രണ്ടാമത്തെ ഗർഭധാരണത്തിന് രണ്ടും മൂന്നാം ഗഡുക്കൾ അർഹതയ്ക്ക് വിധേയമായി

ലഭിക്കുന്നതാണ്.

- ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് മാത്രമേ ഡിബിടി ചെയ്യുകയുള്ളൂ. ജോയിന്റ് അക്കൗണ്ടിലേയ്ക്ക് ഡിബിടി ചെയ്യുകയില്ല.
- രണ്ടാം ഗഡു ലഭിച്ചതിന് ശേഷം പ്രസവത്തിൽ കുഞ്ഞ് മരിക്കുകയാണെങ്കിൽ അടുത്ത പ്രസവത്തിൽ 3-ാം ഗഡു അർഹതയ്ക്ക് വിധേയമായി ഗുണഭോക്താവിന് ലഭിക്കുന്നതാണ്.
- പ്രസവത്തിന് ശേഷം കുഞ്ഞിന് First cycle of immunization നൽകിയതിന് ശേഷം കുഞ്ഞ് മരിക്കുകയാണെങ്കിൽ ഗുണഭോക്താവിന് 3-ാം ഗഡുവിന് അർഹതയുണ്ടായിരിക്കുന്നതാണ്.
- Twins/Triplets/Quadruplets എന്നിങ്ങനെ കുഞ്ഞുങ്ങൾ ജനിക്കുന്ന കേസുകളിൽ ഒരു ലിവിങ്ങ് ചൈൽഡ് ആയി കണക്കാക്കിയാണ് ധനസഹായം അനുവദിക്കുന്നത്.
- ഒരു ഗുണഭോക്താവ് 1-ാം ഗഡു ധനസഹായം വാങ്ങിയതിന് ശേഷം താമസം മറ്റൊരു സ്ഥലത്തേയ്ക്ക് മാറിയാലും പുതിയ സ്ഥലത്ത് നിന്ന് മറ്റ് 2 ഉം, 3 ഉം ഗഡു ധനസഹായം അർഹതയ്ക്ക് വിധേയമായി വാങ്ങാവുന്നതാണ്.
- ഏതെങ്കിലും കാരണവശാൽ ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായത്തിന് അപേക്ഷിക്കാൻ വിട്ടുപോയവർക്ക്, മറ്റെല്ലാ നിബന്ധനകളും പാലിക്കുകയാണെങ്കിൽ LMP കഴിഞ്ഞ് 730 ദിവസത്തിനുള്ളിൽ അപേക്ഷിക്കുകയാണെങ്കിൽ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.
- LMP തീയതി MCP കാർഡിൽ രേഖപ്പെടുത്താൻ വിട്ടുപോയ ഒരു അപേക്ഷക കുഞ്ഞ് ജനിച്ച് 460

ദിവസത്തിനുള്ളിൽ മൂന്നാം ഗഡുവിന് അപേക്ഷിക്കുകയാണെങ്കിൽ ആയത് മാത്രം അനുവദിക്കാവുന്നതാണ്.

- നിബന്ധനകൾക്ക് വിധേയമായി 06.08.2016 ന് മുമ്പ് ഗർഭിണിയായ ഒരു സ്ത്രീക്ക് രണ്ടും മൂന്നാം ഗഡുക്കൾക്കും 3-ാം ഗഡുവിന് മാത്രമായും അർഹതയുണ്ടായിരിക്കും.

(i) LMP കഴിഞ്ഞ് 6 മാസം 01.01.2017 തീയതിയ്ക്ക് ശേഷമായിരിക്കണം - 2-ാം ഗഡു

(ii) പ്രസവം 01.01.2017 തീയതിയ്ക്ക് ശേഷമായിരിക്കണം - 3-ാം ഗഡു.

(iii) 01.04.2016 ന് മുമ്പ് LMP ഉള്ളവർക്ക് യാതൊരു കാരണവശാലും ഈ പദ്ധതി പ്രകാരം അപേക്ഷിക്കാൻ അർഹതയില്ല.

സെക്ഷൻ ഓഫീസർ